# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത  17.06.2013-ൽ മറുപടിക്ക്

ചോദ്യം നമ്പർ .1793

## പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷ് ലാന്റിംഗ് സെന്റർ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ജി.എസ്. ജയലാൽ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കൊല്ലം ജില്ലയിലെ പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | കൊല്ലം ജില്ലയിലെ പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടിക്ക് 40 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഇൻവെസ്റ്റിഗേഷൻ നടപടികൾ എന്നാണ് ആരംഭിച്ചത്; പ്രസ്തുത പ്രവർത്തനത്തിന്റെ നാളിതുവരെയുള്ള പുരോഗതി വിശദമാക്കുമോ; | (ബി) | ഇൻവെസ്റ്റിഗേഷന്റെ ഭാഗമായ ഡാറ്റാ കളക്ഷൻ 17.06.2012 ൽ ആരംഭിച്ചു. ഒരു വർഷം നീളുന്ന ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങളിൽ ടൈഡ് ഡാറ്റാ, വേവ് ഡാറ്റാ, ഹൈഡ്രോഗ്രാഫിക് സർവ്വെ, ടോപ്പോഗ്രാഫിക് സർവ്വെ, ഷോർ ലൈൻ മാപ്പിംഗ്, ബീച്ച് ക്രോസ് സെക്ഷൻ, ബീച്ച് പ്രൊഫൈൽ തുടങ്ങിയവ പൂർത്തീകരിച്ചു വരുന്നു. |
| (സി) | സാദ്ധ്യതാപഠനങ്ങൾ എന്നത്തേക്ക് പൂർത്തീകരിച്ച് മിനി ഫിഷ് ലാന്റിംഗ് സെന്റർ എത്രനാൾക്കകം നിർമ്മാണം ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ; കാലതാമസം ഒഴിവാക്കി പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാൻ നടപടി സ്വീകരിക്കുമോ ? | (സി) | ഒരു വർഷത്തെ മോഡൽ സ്റ്റഡി, പരിസ്ഥിതി പഠനം എന്നിവ പൂർത്തിയാക്കിയ ശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതാണ്. കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ഭരണാനുമതി പുറപ്പെടുവിക്കുന്നതനുസരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ